**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 110 08.02.2016 ൽ മറുപടിക്ക്.**

**കാരുണ്യ ചികിത്സാ സഹായ പദ്ധതി**

| | **ചോദ്യം**<br>ശ്രീ.പി.തിലോത്തമൻ | | **മറുപടി**<br>ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
|---|---|---|---|
| എ) | ഗുരുതരമായ വിവിധതരം രോഗങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിന് കാരുണ്യ ചികിത്സാ സഹായ പദ്ധതി പ്രകാരം അപേക്ഷിച്ചവരിൽ ഇനിയും സഹായം നൽകാത്ത എത്ര കേസ്സുകൾ ഉണ്ടെന്നു പറയാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭിക്കുമോ; | എ) | ഗുരുതരമായ വിവിധതരം രോഗങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിന് കാരുണ്യ ചികിത്സാ സഹായ പദ്ധതി പ്രകാരം അപേക്ഷിച്ചവരിൽ ഇനിയും സഹായം നൽകാത്ത 45206 കേസുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| ബി) | എന്തുകൊണ്ടാണ് സഹായം അനുവദിക്കുന്നതിന് ഇനിയും കാലതാമസം നേരിടുന്നത് എന്നു വ്യക്തമാക്കാമോ; | ബി) | 14 ജില്ലകളിൽ നിന്നും ലഭിക്കുന്ന ആയിരക്കണക്കിന് അപേക്ഷകൾ യഥാസമയം പരിശോധിക്കുന്നതിന് മതിയായ സ്ഥിരം ജീവനക്കാർ ഇല്ലാതിരുന്നതു കൊണ്ടാണ് ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. എന്നാൽ ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽ നിന്നും ഇതിനായി പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. |
| സി) | സാമ്പത്തിക സഹായം യഥാസമയം ലഭിക്കാത്തതുമൂലം ഗുരുതരമായ രോഗം പിടിപെട്ടവരും ചികിത്സിക്കാൻ പണമില്ലാത്തവരുമായ ഒട്ടേറെ രോഗികൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ചികിത്സാ ധനസഹായം എത്രയും പെട്ടെന്ന് നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| പെന്റിംഗ് അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് | | | |
|---|---|---|---|
| നം. | ജില്ല | ഗവ.ആശുപത്രികൾ | സ്വകാര്യ ആശുപത്രികൾ |
| 1 | തിരുവനന്തപുരം | 4199 | 454 |
| 2 | കൊല്ലം | 3446 | 240 |
| 3 | പത്തനംതിട്ട | 3701 | 868 |
| 4 | ആലപ്പുഴ | 3421 | 433 |
| 5 | കോട്ടയം | 2747 | 266 |
| 6 | ഇടുക്കി | 1243 | 92 |
| 7 | എറണാകുളം | 1833 | 497 |
| 8 | തൃശ്ശൂർ | 2346 | 1889 |
| 9 | പാലക്കാട് | 2376 | 1297 |
| 10 | മലപ്പുറം | 2628 | 1649 |
| 11 | കോഴിക്കോട് | 3025 | 1428 |
| 12 | വയനാട് | 692 | 311 |
| 13 | കണ്ണൂർ | 2238 | 214 |
| 14. | കാസർഗോഡ് | 1626 | 45 |
| | ആകെ | 35523 | 9683 |

Jayesh

സെക്ഷൻ ഓഫീസർ